കളായി ഈ 44 വർണ്ണശക്തികളെ പൂജിക്കുക. ഇതിനു പുറത്താണ് ലോക പാലധ്യാനം. അതിനുമ പുറത്ത് അവരുടെ ആയുധധ്യാനം. ഈ വിധാനം അറിഞ്ഞ വ്യക്തിമാത്രമേ ആഗ്നേയാസ്ത്രം പ്രയോഗിക്കാൻ അധികാരിയാവു ന്നുള്ളു. ആഗ്നേയാസ്ത്രം അനുലോമമായും വിലോമമായും പഠിക്കണം.ജ എന്ന മന്ത്രാക്ഷരം കൊണ്ടാണ് മന്ത്രാരംഭം. (ജാതവേദസേ) വിലോമമാവു മ്പോൾ ഗ്ന്യ എന്നക്ഷരമാണ് (ഗ്ന്യാ മുതലായ മൂർത്തികൾ) ദമനപ്രിയയുടെ വിശേഷണമാണ് പര എന്ന് ഭാഷ്യകാരന്റെ അഭിപ്രായം. അങ്ങനെയാവു മ്പോളാണ് 43 മന്ത്രദേവതമാരാവുന്നത്. ശ്രീയന്ത്രത്തിലെ ത്രികോണസം ഖ്യയായ 43 വരുന്നത്.

58..പൂർവ്വോക്താ ഏവ ഋഷ്യാദ്യാ മന്ത്രസ്യാസ്യ പ്രകീർത്തിതാഃ
പ്രതിലോമക്രമാദസ്യ ഷഡംഗാനി പ്രകല്പയേത്
59.വർണ്ണന്യാസപദന്യാസൌവിദധ്യാത് പ്രതിലോമതഃ
ധ്യാനഭേദാൻ വിജാനീയാദ് ഗുർവ്വാദേശാന്നചാന്യഥാ

സംസ്കൃതഭാഷ്യം

പ്രതിലോമേതി. സംഖ്യായാഃപ്രതിലോമ്യം. വർണ്ണപ്രാതിലോമ്യം വർണ്ണാപ്രാ തിലോമ്യസ്യോക്തത്വാത്. പ്രകല്പയേദിതി. പൂർവ്വോക്തസംഖ്യാക്ഷരൈഃ സമ്പ്രദായാത് താരമായാദുർഗ്ഗാദ്യൈഃജാതവേദസേ മാം രക്ഷരക്ഷാഗ്ന യേസ്ത്രായ ഫടന്തൈഃ തദുക്തം-

ശിലാഹി ലോകാംഗസംഖ്യൈർധാതുനന്ദപ്രസംഖ്യകൈഃ
വിലോമഭൃതൈസ്താരാദി ബീജത്രയശിരോഗതൈഃ
ആദ്യം പദം മാം രക്ഷാഗ്നയേസ്ത്രായ ഫട് യുതൈഃ
ജാതിയുക്തൈഃഷഡംഗാനി ദഹനാസ്ത്രസ്യ കല്പയേത് ഇതി.
ധ്യാനഭേദാനിതി. തത്രാഗ്നേയാസ്ത്രദേവതാധ്യാനം യഥാ-
മദ്ധ്യേ താലവനസ്യാഗ്നിർവ്വപ്രാന്ധ്യേ വഹ്നിഭൃതയേ
മഹതസ്താലവൃക്ഷസ്യ മൂലാഭ്യാസവിരചിതേ
സിംഹസ്കന്ധാഗ്നികോണേ വാ ചലച്ചരണസംസ്ഥിതാം
തഡിത് കോടിസമപ്രഖ്യാം കല്പാന്തദഹനോജ്ജ്വലാം
അകൃത്രിമോഗ്രദംഷ്ട്രാഢ്യാം ഘണ്ടാമാലാസ്ഫുരത് കടീം

ശൂലഭോഗീന്ദ്രഡമരു വിദ്യുദ് വഹ്നീൻ ജ്വലത് പ്രഭാന്
ദധാനാം കരദണ്ഡൈഃ സൈ്വർഭൂഷാമദബലാകുലൈഃ
ഭൂഷിതാം ഭൂഷണൈരുഗ്രൈഃഫണീന്ദ്രപരികല്പിതൈഃ
ഗ്ന്യാദിവർണ്ണമയീം ദേവീം സംവിദ്രൂപാം വിചിന്തയേത്

മലയാളംഭാഷ്യം.

ഋഷ്യാദികൾ മുമ്പ് പറഞ്ഞു. പ്രതിലോമക്രമത്തിൽ ഷഡംഗകല്പന, വർണ്ണന്യാസ,പദന്യാസം, ധ്യാനഭേദം എന്നിവ ഉണ്ട്. ഇത് ഗുരുവിന്റെ ഉപദേശപ്രകാരമല്ലാതെ ചെയ്യരുത്. പൂർവ്വോക്തസംഖ്യാക്ഷരത്തില് സമ്പ്രദായപ്പടി താരം,മായ,ദുർഗ്ഗാബീജങ്ങള് ചേർത്ത് ജാതവേദസേ മാം രക്ഷരക്ഷാഗ്നയേ ഹും ഫട് എന്നാണ് ഉച്ചാരണം (18 അക്ഷരം).ആദ്യത്തെ 8 ധാതു വിലോമമായി, താരാദിബീജത്രയത്തോടെ, ശിരസ്സിൽ. മാം , രക്ഷ , രക്ഷ , അഗ്നയേ, ഹും , ഫട് എന്ന് 6 പദം ഷഡംഗങ്ങളില് ജാതിയുക്ത മായി ആഗ്നേയാസ്ത്രധ്യാനം.

ധ്യാനഭേദത്തിൽ ആഗ്നേയാസ്ത്രദേവതാധ്യാനം-

അഗ്നിബൂതലത്തിൽ , അഗനികവചമദ്ധ്യത്തിൽ, താലവനം(പനങ്കാട്). മഹത്തായ വലിയ പനമരങ്ങളുടെ മൂലത്തിൽ സിംഹസ്കന്ധാരൂഢയായി, അഗ്നികോണിൽ ഇരിക്കുന്നവളായി ധ്യാനം. ചരിക്കുന്ന അഥവാ ചലിക്കുന്ന ചരണങ്ങളോട്ടുകൂടി എന്നത് സിംഹവിശേഷണം. കോടിമിന്നൽപ്രഭാവ ർണ്ണം, കല്പാന്തകാലത്തെ അഗ്നിപോലെ ഉജ്വലം ,അകൃത്രിമമായ ഉഗ്രദം ഷ്ടകൾ, ഘണ്ടാമാല സ്഼ുരിക്കുന്ന കടിതടം, ശൂലവും ഭോഗീന്ദ്രനോട്ടുകൂടിയ ഡമരുവും, വിദ്യുത്തും, ജ്വലപ്രഭവമായ അഗ്നിയും കൈകളിൽ, ഭൂഷണങ്ങള ണിഞ്ഞ്, മദബലാകുലമായ ഉഗ്രഫണീന്ദ്രഭൂഷണങ്ങളോടെ, ഗ്ന്യാദിവർണ്ണ മയിയുടെ സംവിദ്രൂപം ധ്യാനിക്കുക.

60. പൂർവ്വവജ്ജപക്ലൃപ്തിഃസ്യാജ്ജുഹുയാത് പൂർവ്വസംഖ്യയാ
പഞ്ചഗവ്യസുപക്വേന ചരുണാതസ്യസിദ്ധയേ.

സംസ്കൃതഭാഷ്യം

പൂർവ്വവദിതി. പൂർവ്വോക്തസംഖ്യയാ.വിശേഷസ്തന്ത്രാന്തരേ-
മൌനീ വ്രതപരോ മന്ത്രീ ശുദ്ധാചാരോജിതേന്ദ്രിയഃ

പൂർവ്വോക്താസനമദ്ധ്യസ്ഥഃപ്രാങ്മുഖഃസ്വസ്തികാസനഃ
ആഗ്നേയാസ്ത്രം ജപേദ്വിദ്വാൻ സിദ്ധ്യർത്ഥം പൂർവ്വസംഖ്യയാഃഇതി
തസ്യസിദ്ധയ ഇതി. ഉഭയാസിദ്ധത്വേ പ്രയോഗാനർഹത്വാത്. തദുക്തം-
യോഹിസമ്യഗസാധൈതത് ക്രിയാകർത്തമഭീപ്സതി
ദിവ്യാസ്ത്രദേവതാസ്തം വൈ നാഥയത്യേവ ദാരുണാഃ
തസ്മാത് സർവ്വം പ്രയത്നേന ഷഷ്ഠകാലാദിഭിർവ്രതൈഃ
ദേഹം വിശോദ്ധ്യ ശസ്ത്രാണി സാധയിത്വാചരേത് ക്രിയാഃഇതി.
അന്യത്രാപി- പ്രതിലോമാനുലോമാന്താ വിദ്യാം സംസാദ്ധ്യദേശികഃ
പ്രയോഗമാരഭേദേഷാമസ്ത്രാണാമുക്തമാർഗ്ഗതഃഇതിച

മലയാളംഭാഷ്യം

ജപം,ഹോമം,മുമ്പ് പറഞ്ഞ സംഖ്യതന്നെ. പഞ്ചഗവ്യം,വേവിച്ച ചരു,
ഇവകളാലാണ് മന്ത്രസിദ്ധിക്ക് ഹോമം.
തന്ത്രാന്തരത്തിൽ വിശേഷം- മൌനിയായി, വ്രതപരനായി, ശുദ്ധാചാര
നായി ജിതേന്ദ്രിയനായി, പൂർവ്വോക്തമായ ആസനമദ്ധ്യത്തില് കിഴക്കോട്ടു
തിരിഞ്ഞ് സ്വസ്തികാസനത്തിൽ ഇരുന്ന് ആഗ്നേയാസ്ത്രജപം ചെയ്താല്
മന്ത്രസിദ്ധി. അസിദ്ധിയുടെ കാരണവും പ്രയോഗത്തിനുള്ള അർഹതയും
ഇതുകൊണ്ടുതന്നെ പറഞ്ഞു. ദിവ്യാസ്ത്രങ്ങൾ അതിദാരുണങ്ങളാണ്. അന
ർഹന് വിധിപൂർവ്വമല്ലാതെ പ്രയോഗിച്ചാല് അവനവനെത്തന്നെ നശിപ്പി
ക്കും. പ്രതിലോമം, അനുലോമം എന്ന് രണ്ടുവിധത്തിലും വിദ്യാസിദ്ധി
വന്നശേഷമേ ദേശികൻ അവ പ്രയോഗിച്ചു നോക്കാന് തുനിയുകയുള്ളു.

61. അർച്ചനം പൂർവ്വവത് കുര്യാഛക്തേസ്തു പ്രതിലോമതഃ
സർവ്വത്ര ദേശികഃകുര്യാദ് ഗായത്ര്യാ ദ്വിഗുണം ജപം

സംസ്കൃതഭാഷ്യം

അർച്ചനമിതി. തത്ര വിശേഷസ്തന്ത്രാന്തരേ-
പീഠേ പൂർവ്വോദിതേ ദേവീമാവാഹ്യോക്തേന വത്മനാ
പ്രവരൈർഗന്ധകുസുമൈഃസാംഗാം മൂലേന പൂജയേത്
അംഗാന്യഗ്ന്യാദികോണേഷു വഹ്നിമൂർത്തിർദിശാസ്വപി
ദുർഗ്ഗാ നാരായണീ ചൈവ ദുർമ്മനാ ശമനപ്രിയാ

നിത്യാനന്ദോത്കരാ ചൈവ സുവേശാ ജാഗരപ്രിയാ
പദശക്തീരിമാശ്ചാഷ്ടൌ തൃതീയാവരണോർച്ചയേത്
മന്ത്രാർണ്ണശക്തിസ്തദ്ബാഹ്യേ ലോകപാലാംശ്ച പൂജയേത്
സർവ്വത്രേതി. പ്രയോഗേഷു ഗായത്ര്യാ ദ്വിഗുണം ജപം. പ്രയോഗോക്തജപാദ് ദ്വിഗുണം ജപം കുര്യാദിത്യർത്ഥഃ

മലയാളംഭാഷ്യം

മുൻപ്പറഞ്ഞപോലെ ശക്തിയെ പ്രതിലോമമായി അർച്ചിച്ചുകഴിഞ്ഞ് ഗായത്രിയാൽ സർവ്വത്ര ദ്വിഗുണജപം ചെയ്യണം. പീഠത്തിൽ ദേവിയെ ആവാഹിച്ച് ,കവചത്തോട്ടുകൂടി, ഗന്ധകുസുമാദികളാൽ സാംഗം മൂല മന്ത്രത്താൽ പൂജിക്കുക. അംഗങ്ങൾ അഗ്ന്യാദികോണുകളിൽ, വഹ്നിമൂർത്തികള് ദിശകളില് ദുർഗ്ഗ,നാരായണി, ദുർമ്മനാ, ശമനപ്രിയ, നിത്യ, ആനന്ദോൽക്കര, സുവേശ,ജാഗരപ്രിയ എന്നീ പദശക്തികൾ എട്ടുപേര് തൃതീയാവരണത്തില് അർച്ചിക്കപ്പെടുന്നു. അതിനുപുറത്ത് മന്ത്രവർണ്ണ ശക്തി,പുറത്ത് ലോകപാലർ എന്ന ക്രമത്തിൽ. ഗായത്രി സർവ്വത്ര ജപം ചെയ്യണം. പ്രയോഗത്തിൽ ഗായത്രിയാല് ദ്വിഗുണം ജപമേ ഉള്ളു. എന്നാൽ സർവ്വത്രയാണ് ജപിക്കപ്പെടുന്നത്.

62. ക്രൂരകർമ്മാണി കുര്വീത പ്രതിലോമവിധാനതഃ
ശാന്തികം പൌഷ്ടികം കർമ്മകർത്തവ്യമനുലോമതഃ

സംസ്കൃതഭാഷ്യം

പ്രതിലോമവിധാനതഃ ആഗ്നേയാസ്ത്രേണ .അനുലോമത ഇതി ജാതവേദസേ ഇത്യനേന.

മലയാളംഭാഷ്യം.

പ്രതിലോമവിധാനം ക്രൂരകർമ്മങ്ങൾക്കാണ്. അനുലോമവിധാനം ജാത വേദസേ എന്നതാണ്. ഇത് ശാന്തികപൌഷ്ടികകർമ്മങ്ങൾക്കാണ്.

63.പ്രയോഗകാലേ പ്രജപേദഷ്ടൌ പാദാൻവിലോമതഃ
ശോധിതോ ജായതേ പശ്ചാൻ മന്ത്രോയം വിധിനാമുനാ

സംസ്കൃതഭാഷ്യം

പ്രജപേദിതി പൃഥക് പൃഥക്. ശോധിത ഇതി. തദുക്തം-

മനോഃസ്ഥിരാദി ദോഷാണാം സർവ്വേഷാമുപശാന്തയേ
അഭിചാരകൃതാനാം ച മന്ത്രപാദാഷ്ടകം ജപേദ് ഇതി.

മലയാളംഭാഷ്യം

പ്രയോഗകാലത്ത് 8 പാദം വിലോമമായി ജപിച്ച് പരിശോധിക്കണം. പ്രജപ മെന്നാൽ വീണ്ടും വീണ്ടും ആവർത്തിച്ച് . ശോധിതം എന്നാൽ -മനസ്സിലെ സർവ്വദോഷവും ഉപശാന്തമായോ എന്ന് നന്നായി പരിശോധിക്കണം. അഭിചാരകൃതമായ ദോഷങ്ങൾ തീർന്നുവോ എന്നും പരിശോധിക്കണം.

64. ഗ്യാദ്യഃപഞ്ചാക്ഷരഃപാദോ ജ്ഞേയോജ്ഞാനേന്ദ്രിയാത്മകഃ
ധുമാദ്യോന്യഃപഞ്ചവർണ്ണഃസ്മൃതഃകർമ്മേന്ദ്രിയാത്മകഃ
65.സ്വാര്യതൃതീയഃപഞ്ചാർണ്ണഃപഞ്ചഭൂതമയഃസ്മൃതഃ
ത്യാദ്യസപ്താക്ഷരഃപാദശ്ചതുർത്ഥോ ധാതുരൂപകഃ
66. ദഃപൂർവ്വഃപഞ്ചമഃപാദ ഊർമ്മിരൂപഃഷഡക്ഷരഃ
തോവർണ്ണാദിഃഷഡർണ്ണോന്യഃ ഷാഡ്കൌശികമയോ മതഃ
67. സോ പൂർവ്വഃപഞ്ചവർണ്ണോന്യഃശബ്ദാദിമയ ഈരിതഃ
സേവർണ്ണാദ്യോഷ്ടമോ ജ്ഞേയഃപഞ്ചാർണ്ണോ വചനാദികഃ
68. ഏവം തത്വസമായോഗാത് പാദക്ലൃപ്തിരുദീരിതാ
തത്തദ് പദാക്ഷരോത്പന്നാസ്താവത്യോ വഹ്നിദേവതാഃ

സംസ്കൃതഭാഷ്യം

ജ്ഞാനേ ക്രിയാത്മക ഇതി.ഘ്രാണരസനചക്ഷുഃശ്രോത്ര ത്വഗ്പാണി ജ്ഞാനേന്ദ്രിയാണി. തദാത്മകത്വം വർണ്ണക്രമേണ. ഏവമഗ്രേപി. കർമ്മേതി. വാക് പാണിപാദപായൂപസ്ഥാനി. പഞ്ചഭൂതാനി. പൃഥിവ്യപ്തേ ജോവായ്വാകാശാനി. ധാത്വിതി.ത്വങ്സൃങ്മാംസമേദോസ്ഥി മജ്ജാ ശുക്രാണി.. ഊർമ്മീതി. വൃസൃക്ഷാപിപാസാശോകമോഹജരാമൃത്യുരൂപാഃ ഷാഡ്കൌശികേതി. സ്നായ്വസ്ഥിമജ്ജാത്വങ്മാംസാന്ത്രാണി. ശബ്ദാദീതി. ശബ്ദസ്പർശരൂപരസഗന്ധാഃ വചനേതി.വചനാദാനഗതിവിസർഗ്ഗാനന്ദാഃ ഏവം തത്വസമായോഗാദിത്യനേന ഏത ദക്ഷരൈസ്തത്വന്യാസഃ സൂചിതഃ

മലയാളംഭാഷ്യം

ഗ്ന്യാദ്യപഞ്ചാക്ഷരം ചേർന്ന പാദം ജ്ഞാനേന്ദ്രിയാത്മകമാണ്. (ഗ്ന്യാതിതാരിദ്ദ്വ) ന്ധും എന്ന പഞ്ചാക്ഷരം കർമ്മേന്ദ്രിയാത്മകമാണ്.(ന്ധും സിവവേനാ). ഇപ്രകാരം പഞ്ചഭൂതങ്ങൾ(ശ്വാവിണിർഗ്ഗാദ്ദ്വ), സപ്തധാതുക്കൾ (തിദരുഷപനാസ), ഷഡൂർമ്മി(ദവേതിഹാദനി), ഷാഡ്കൌശികം (തോയ തീരാമമ) പഞ്ചവർണ്ണം(സോമവാനസ്സു) വചനാദിപഞ്ചകം (സേദവേതജാ) എന്ന് തരുന്നു.

1. ജ്ഞാനേന്ദ്രിയങ്ങൾ:- ഘ്രാണം ,രസന, ചക്ഷു, ശ്രോത്രം,ത്വക് (വർണ്ണക്രമത്തില് അവ ഗ്ന്യാ, തി, താ, രി,ദ്ദ്വ)
2. കര്മ്മേന്ദ്രിയങ്ങൾ:-വാക്,പാണി,പാദ,പായു,ഉപസ്ഥം. (വർണ്ണക്രമത്തില് ന്ധും, സി,വ, വേ,നാ).
3. പഞ്ചഭൂതങ്ങൾ:-പൃഥി ,അപ്,തേജഃ,വായു,ആകാശം. (വർണ്ണക്രമം ശ്വാ, വി.,ണി,ർഗ്ഗാ, ദ്ദ്വ)
4. സപ്തധാതുക്കൾ:-ത്വഗ്,സൃങ്, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്രം.(വർണ്ണക്രമം- തി,ദ,രു(ർ),ഷ,പ,നാ,സ)
5. ഷഡൂർമ്മികൾ:- വിശപ്പ്,ദ്ഹം,ശോകം,മോഹം,ജരാ,മൃത്യു (വർണ്ണക്രമം ദ,വേ,തി,ഹാ,ദ,നി)
6. ഷാഡ്കൌശികം- സ്നായു,അസ്ഥി,മജ്ജ,ത്വക്ക്,മാംസം, ആന്ത്രം.(വർണ്ണക്രമം തോ,യ,തീ,രാ,മ,മ)
7. പഞ്ചവർണ്ണം- ശബ്ദം, സ്പർശം,രൂപം, രസം, ഗന്ധം.(വർണ്ണക്രമം. സോ,മ,വാ,ന,സ്സു)
8. വചനാദിപഞ്ചകം – വചനം, ആദാനം, ഗതി,വിസർഗ്ഗം, ആനന്ദം (വർണ്ണക്രമം- സേ, ദ, വേ, ത, ജാ)

ഇപ്രകാരം പ്രതിലോമവർണ്ണസമായോഗത്താല് അതാത് പദാക്ഷരോല്പന്നമായി അഗ്നിദേവതകളുണ്ടാവുന്നു.

69. പ്രധാനമൂർത്തിപ്രതിമാഃ സ്വസ്വവർണ്ണാദിതപ്തഭാഃ
പ്രജ്വലത് കേശവദനാ ഭീമദംഷ്ട്രാഭയാനകാഃ
70 ദേവതാ ഇന്ദ്രിയോല്പന്നാ ഊർദ്ധ്വദൃഷ്ടയ ഈരിതാഃ
ദേവതാ ഭൂതപാദോത്ഥാസ്തിര്യഗ്വക്ത്രാഃപ്രകീർത്തിതാഃ

71. ധാതുരൂപഃക്ഷരോദ്ഭൂതാഃ ഉദയാനനശോഭിതാഃ
ഊർമ്മിജാ ഊർദ്ധ്വവദനാ കോണേത്ഥ്യാസ്തിര്യഗാനനാഃ
72. ഏതാഃസർവ്വാഃസ്മൃതാ-ക്ലീബാ ഇന്ദ്രിയാർത്ഥോദ്ഭവാഃസ്ത്രിയഃ
അധസ്തിര്യങ്മുഖോപേതാ ഈരിതാ വർണ്ണദേവതാഃ
73.അഭിമുഖ്യഃസ്മൃതാഃസൌമ്യേ പരാങ്മുഖ്യോന്യകർമ്മണി
ചാഭ്യോസംഖ്യാഃസമുത്പന്നാ ദേവതാജ്വലിതാനനാഃ

സംസ്കൃതഭാഷ്യം

ഇന്ദ്രിയോല്പന്നാ ഇതി. ആദ്യപദദ്വയോത്ഥാഃഇന്ദ്രിയാർത്ഥാദ്ഭവാഃ സ്ത്രിയഃ അധസ്തിര്യങ്മുഖോപേതാ ഇതി സംബന്ധഃ ഇന്ദ്രിയാർത്ഥോത്ഭ വാ ഇതി. അന്ത്യപാദദ്വയോത്ഥാഃസർവ്വാസാമുപസംഹാരാഃഈരിതാ വർണ്ണദേവതാ ഇതി.

മലയാളംഭാഷ്യം

പ്രധാനമൂർത്തിപ്രതിമ ,സ്വന്തം വർണ്ണാദികളാല് ശോഭിക്കുന്ന പ്രകാശ ത്തോടെ ജ്വലിക്കുന്ന കേശവദനാദികളോടെ,ഭീമവും ഭയാനകവുമായ ദംഷ്ട്രകളോടെ.

ഇന്ദ്രിയോല്പന്നമായ അക്ഷരദേവതകൾ ഊർദ്ധ്വദൃഷ്ടികളും ഭൂത(പഞ്ച ഭൂത)ദേവതകൾ തിര്യഗ് വക്ത്രകളുമാണ്.ധാതുരൂപാക്ഷരകൾ ഉദയാന നശോഭിതകളാണ്. ഷഡൂർമ്മിഅക്ഷരങ്ങള് ഊർദ്ധ്വമുഖികൾ. കോണ കളിൽ തിര്യഗ്മുഖികൾ. ഇപ്രകാരം ക്ലീബകളായി (നപുംസക)ഇന്ദ്രിയാ ർത്ഥത്തിനുത്ഭവിച്ച സ്ത്രീകളായി, സർവ്വരേയും അധഃസ്തിര്യങ് മുഖികളാ യ വര്ണ്ണദേവതകളായി ധ്യാനിക്കുന്നു. അഭിമുഖമായിട്ട് സൌമ്യത്തിലും അന്യകർമ്മങ്ങളില് പരാങ്മുഖികളായും ജ്വലിതാനനകളായ ജ്ഞാനേന്ദ്രിയദേവതകളെ സ്മരിക്കുന്നു. ജ്ഞാനേന്ദ്രിയദേവതകൾ മാത്രം അഭിമുഖം. അന്യകർമ്മപരാങ്മുഖത്വം. മറ്റെല്ലാം ക്ലീബസ്ത്രീകൾ, അധഃസ്തിര്യങ്മുഖികൾ. ഇന്ദ്രിയത്തിൽ മാത്രം രമിക്കുന്നവർ.

74. യാഭിർമന്ത്രീദഹേഛത്രോരാജ്യം സഗിരികാനനം
അസ്ത്രം മനുഷ്യനക്ഷത്രേഷ്വാരഭേതവിചക്ഷണാഃ

75. ആസുരേഷ്വപ്രയുഞ്ജീതദേവതാരാസു സംഹരേത്
പൂർവ്വോത്തരത്രയം പശ്ചാദ് ഭരണ്യാദ്രാഥരോഹിണീ
ഇമാനീ മാനുഷാണ്യാഹുർനക്ഷത്രാമി മനീഷിണഃ
76. ജ്യേഷ്ഠാ ശതഭിഷാമൂലധനിഷ്ഠാ ാശ്ലേഷകൃത്തികാഃ
ചിത്രാമഘാ വിശാഖാഃസ്യുസ്താരാരാക്ഷസദേവതാ
77.അശ്വിനീരേവതീ പുഷ്യാഃസ്വാതീ ഹസ്താ പുനർവസുഃ
അനുരാധാമൃഗശിരഃ ശ്രുവണാ ദേവതാരകാഃ
78. ഉപക്രമേത് നന്ദാസു രിക്താ സ്വസ്തം വിസർജ്ജയേത്
ഭദ്രാസ്വാഹരണം കുര്യാജ്ജയാസ്വര്യന്തമുത്തമം
79.ഉപക്രമോ ഭൌമവാരേ ശനിവാരേ വിസർജ്ജനം
പ്രതിസംഹരണം ത്വാരേ ഗുരോഃശുക്രസ്യ വാ ഭവേത്.

സംസ്കൃതംഭാഷ്യം

നന്ദാസ്വിതി. പ്രതിപത് ഷഷ്ട്യേകാദശീഷു. രിക്താസ്വിതി. ചതുർത്ഥീ നവമീ ചതുർദ്ദശീഷു. ഭദ്രാസ്വിതി. ദ്വിതീയാ സപ്തമീദ്വാദശീഷു. ജയാസ്വിതി. തൃതീയാഷ്ടമീ ത്രയോദശീഷു. അത്യന്തമുത്തമമാഹരണ മിത്യനുഷജ്യതേ. ഭദ്രാസു സംഗ്രഹം കുര്യാജ്ജയാസു തു വിശേഷതഃ ഇത്യുക്തേഃ

മലയാളംഭാഷ്യം

ഗിരികളും കാട്ടുകളും അടക്കം രാജ്യവും ഛത്രവും ദഹിപ്പിക്കുന്ന അസ്ത്രം മനുഷ്യനക്ഷത്രങ്ങളിലാണ് ആരംഭിക്കുന്നത്. ആദ്യം ഉത്രത്രയം(ഉത്രം, ഉത്രാടം,ഉത്രട്ടാതി), പിന്നെ ഭരണി ,ആർദ്ര,രോഹിണി ഇവയാണ് മനുഷ്യനക്ഷത്രങ്ങൾ. ആസുരപ്രയോഗത്തിന് (അസുരനാശത്തിന്) ദേവതാരത്തിലാണ് മന്ത്രം ഉപസംഹരിക്കേണ്ടത്. അശ്വതി,രേവതി,പൂയം, ചോതി, അത്തം,പുണർതം ,അനിഴം,മകീരം ,തിരുവോണം ഇവയാണ് ദേവതാരങ്ങൾ. തൃക്കേട്ട,ചതയം,മൂലം,അവിട്ടം,ആയില്യം, കാർത്തിക, ചിത്ര,മകം,വിശാഖം ഇവ അസുരനക്ഷത്രങ്ങളാണ്. ഉപക്രമം നന്ദകളിൽ വേണം. നന്ദകൾ പ്രതിപദം, ഷഷ്ഠി,ഏകാദശി. അവസാനിക്കേണ്ടത് രിക്തകളിലാണ്. രിക്തകൾ ചതുർത്ഥി,നവമി,ചതുർദ്ദശി. ഭദ്രകളിലാണ് ആഹരണം. ഭദ്രകൾ ദ്വിതീയ,സപ്തമി,ദ്വാദശി. ജയകളിലാണ് അത്യന്ത

ഉത്തമമായ ആഹരണം. ജയകൾ തൃതീയ,അഷ്ടമി,ത്രയോദശി. ഭദ്രകളിൽ സംഗ്രഹം ചെയ്യുന്നു.ജയകളിലെങ്കിൽ അതിവിശേഷം. ഉപക്രമം ശനി, ചൊവ്വ വാരങ്ങളിൽ പാടില്ല.അവസാനം (പ്രതിസംഹാരം) വ്യാഴമോ വെള്ളിയോ ആവാം.(അങ്ങനെയാവുമ്പോൾ ഉപക്രമം ചൊവ്വ, ബുധൻ ആവാമെന്ന് അർത്ഥം).

80. സ്ഥിരേഷു രാശിഷ്വാരംഭശ്ചരേഷു സ്യാദ്വിസർജ്ജനം
അസ്ത്രസംഹരണം കുര്യാദുഭയേഷു വിചക്ഷണാഃ

സംസ്കൃതഭാഷ്യം

സ്ഥിരേഷിതി. വൃഷസിംഹവൃശ്ചികകുംഭേഷു. ചരേഷിതി. മേഷകർക്കടതുലാമകരേഷു. ഉഭയേഷിതി. ദ്വിസ്വഭാവേഷു.മിഥുനകന്യാധനുർമീനേഷു.

മലയാളംഭാഷ്യം

സ്ഥിരരാശിയിൽ ആരംഭിക്കണം. ചരരാശി വർജ്ജ്യമാണ്. അസ്ത്രസംഹരണം ഉഭയരാശിയിൽ ചെയ്യാം.സ്ഥിരരാശി ഇടവം,ചിങ്ങം. വൃശ്ചികം, കുംഭം. ചരരാശി മേടം,കർക്കിടകം,തുലാം,മകരം. ഉഭയരാശി മിഥുനം, കന്നി, ധനു,മീനം.

81.കൃഷ്ണപക്ഷേനലേനാസ്ത്രം വിസൃജേച്ഛശിനാപുനഃ
ശുക്രപക്ഷേക്രമാദസ്ത്രം പുനരാത്മനി സംഹരേത്

സംസ്കൃതഭാഷ്യം

അനലേന തു ദക്ഷിണനാസാപുടസഞ്ചരന്മരുതാ. സമ്പ്രദായവിദാസ്ത്വേവം മന്യന്തേ. അത്രാനലശബ്ദേനാഗ്നിമണ്ഡലം. രമിതി ബീജം .കൃത്തികാദി നക്ഷത്രമപ്യുച്യതേ. തദ്വച്ഛശിശബ്ദേന ചന്ദ്രമണ്ഡലം ചന്ദ്രബീജം സൌമ്യാസ്ഥിതയശ്ചോച്യന്തേ. തേനായമർത്ഥഃ അഗ്നിമണ്ഡലം സ്വബീജസംയുക്തം ധ്യാത്വാ നക്ഷത്രപ്രധാനമേവ വിസർജ്ജനകർമ്മ കുര്യാത്.

മലയാളംഭാഷ്യം

കൃഷ്ണപക്ഷത്തിൽ അനലനാല് (ദക്ഷിണനാസാപുടത്തിലൂടെ സഞ്ചരിക്കുന്ന കാറ്റ്, വായു) അഥവാ അഗ്നിമണ്ഡലത്താൽ അസ്ത്രം ആരംഭിക്കന്നു. ബീജം രം(അഗ്നിബീജം). ഇതിന്റെ നക്ഷത്രം കൃത്തിക. കാർത്തികാ

ദിയിലാണ് കാലവർഷക്കാറ്റ തരുന്ന ആദ്യമഴ. ശശി ചന്ദ്രമണ്ഡലം. ചന്ദ്രബീജം. സൌമ്യതിഥികളെന്ന് അർത്ഥം. സ്വബീജസംയുക്തമായ അഗ്നിമണ്ഡലത്തിലെ ചൂടിൽനിന്ന് തുടങ്ങി ,നക്ഷത്രപ്രധാനമായ ചന്ദ്രമണ്ഡലത്തിൽ വിസർജ്ജിതമാകുന്ന അമൃതജലമായി ധ്യാനം. വെളുത്തപക്ഷത്തിൽ ക്രമത്തില് സ്വാത്മാവില് (ഭൂമണ്ഡലം) സംഹരിക്കപ്പെടുന്നു. മഴയായി പെയ്ത് ഒടുങ്ങുന്നു.

82. ഭാനുനാ മോക്ഷസംഹാരൌ കുര്യാത് പക്ഷദ്വയേ സുധിഃ
പശ്ചിമാഭിമുഖോ ഭൂത്വാ കർമ്മസർവ്വത്ര സാധയേത്

സംസ്കൃതഭാഷ്യം

ഭാനുനേതി. ആത്മനോ ഭാസ്കരരൂപധ്യാനേന. ഏവമാത്മനോഭാസ്കരരൂപം വിചിന്ത്യ പൂർവ്വോക്തപ്രകാരേണ പക്ഷദ്വയേ മോക്ഷസംഹാരൌ സുധീഃകുര്യാദിത്യനുവാദഃ ആത്മനോ ഭാസ്കരരൂപത്വധ്യാനമാത്രം വിശേഷഃ തദുക്തമാചാര്യൈഃ-

നക്ഷത്രാത്മാ ഹുതാശഃസ്യാത്തിഥ്യാത്മേന്ദുരുദാഹൃതഃ
താഭ്യാം കരോതി ദിനകൃദ്വിസർഗ്ഗാദാനകർമ്മണി ഇതി

സർവ്വത്രേതി. ആരംഭേ പ്രയോഗേ ഉപസംഹാരേ ച. സാമഗ്രീസമ്പാദനപൂർവ്വകം കർമ്മസങ്കല്പ ആരംഭഃഹുത്ക്രിയാസ്തുവിമോചനം. ദൃഷ്ടഫലാനന്തരമുദ്വാസനം സംഹൃതിഃ അന്യത്ര കാലനിയമംവിനാ പ്രാരംഭോപ്യുക്തഃ-

പരചക്രഭയാദൌ ച തീവ്രരൂപേ മഹാഭയേ
ന കാലനിയമോ ഗമ്യഃ പ്രയോഗാണാം കദാചന ഇതി.

മലയാളംഭാഷ്യം

സ്വാത്മാവിനെ ഭാനു എന്ന് സൂര്യരൂപമായി ധ്യാനിക്കുക. ഇപ്രകാരമാണ് പക്ഷദ്വയങ്ങളിൽ (രണ്ട് ചിറക്, 2 അഗ്നി, കൃഷ്ണശുക്ലപക്ഷം) മോക്ഷസംഹാരധ്യാനം. ഇത് പടിഞ്ഞാട്ടു തിരിഞ്ഞുനിന്ന് ചെയ്താല് സർവ്വകർമ്മവും സുസാധിതമാവും.(ഇന്ത്യയുടെ പടിഞ്ഞാറൻതീരം, കാലവർഷക്കാറ്റ്, സസ്യസമൃദ്ധി, അന്നം,വ്യാപാരം, ശ്രീ,മുക്തി ഇവയോടു ബന്ധപ്പെട്ടത്). ആചാര്യൻഃ- നക്ഷത്രാത്മാവാണ് അഗ്നി. (ഊർജ്ജം). അത്

തിഥ്യാത്മകമായി ഇന്ദുവാമ്. രുദ്രഹൃദയം അഥവാ രുദ്രനാൽ ആഹൃതം എന്നും. അതിൽ ദിനകൃത്ത്(സൂര്യന്)വിസർഗ്ഗാദാനകർമ്മങ്ങള് ചെയ്യു ന്നു. സർവ്വസൃഷ്ടിയും ഇങ്ങനെ ഉണ്ടാവുന്നു. സർവ്വസാമഗ്രികളും സമ്പാ ദിച്ച് കർമ്മസങ്കല്പം ആരംഭിക്കുന്നു. പിന്നീട് ഉദ്വാസനം, സംഹൃതി(സം ഹാരം)എന്ന് ക്രമം. ചിലപ്പോൾ കാലനിയമം തെറ്റിയും ഈ പ്രാരംഭം സംഭവിക്കാറുണ്ട്. അങ്ങനെ കാലം തെറ്റിവരുന്നത് പരചക്രഭയം. മഹാ ഭയം ഉണ്ടാക്കുന്ന തീവ്രരൂപമായ പ്രകൃതിപ്രക്രിയയാണ്.നാശനഷ്ടങ്ങൾ സംഭവിക്കും

83.നക്ഷത്രവൃക്ഷശകലാൻ സാദ്ധ്യാഖ്യാകർമ്മസംയുതാന്
തത്തൻമന്ത്രാക്ഷരോപേതാന്മന്ത്രീ മന്ത്രാർണ്ണസംഖ്യയാ
84. ജുഹുയാദേധിതേവഹ്നൌ മാരയേദ്രിപൂമാത്മനഃ
കൃഷ്ണാഷ്ടമീം സമാരഭ്യയാവത് കൃഷ്ണചതുർദ്ദശീ

സംസ്കൃതഭാഷ്യം

നക്ഷത്രവൃക്ഷാദ്വാവിംശോ വക്ഷ്യമാണാ. ശകലാനീതി. പ്രാദേശമിതാ ൻ.സാദ്ധ്യാഖ്യാകർമ്മസംയുതാന് തത്തന്മന്ത്രമക്ഷരോപേതാനിതി. അനേന ക്രമേണ അന്തേ നാമ്നോ ഭവേൻമന്ത്രഃപല്ലവോ മാരണേമതഃ ഇതി. പല്ലവ ഉക്തഃ.

മലയാളംഭാഷ്യം

നക്ഷത്രവൃക്ഷശകലത്തിൽ സാദ്ധ്യനാമവർണ്ണാക്ഷരമെഴുതുക. മന്ത്രാ ക്ഷരയുക്തമായി മന്ത്രവർണ്ണസംഖ്യയില് വഹ്നിയില് ഹോമിച്ച് മുമ്പു പറഞ്ഞ ആത്മശത്രുക്കളെ (കാമാദി)ജയിക്കണം. അത് കൃഷ്ണാഷ്ടമി മുതൽ കൃഷ്ണചതുർദ്ദശിവരെയാണ്. നക്ഷത്രവൃക്ഷം 22ആം പടലത്തിൽ പറയും. സാദ്ധ്യനാമാദ്യവർണ്ണത്തിനുശേഷം (അന്ത്യം)വരുന്ന മന്ത്രപല്ല വം ശത്രുമാരണത്തിനുള്ളതാണ് എന്ന് പല്ലവശബ്ദം മാരണശബ്ദമായി പ്രയോഗിക്കുന്നു.

85.ധത്തൂരവിഷവൃക്ഷാക്ഷഭ്രുരുഹോത്ഥാന് സമിദ്ധരാന്
രാജീതൈലേന സംലിപ്താൻ പൃഥക് സപ്തസഹസ്രകം
86.ജുഹുയാത് സംയതോഭൂത്വാ രിപുര്യമപുരം വ്രജേത്

സപ്തരാത്രം പ്രജുഹുയാത് സിദ്ധാർത്ഥസ്നേഹലോലിതൈഃ

സംസ്കൃതഭാഷ്യം

സിദ്ധാർത്ഥഃസ്നേഹം സര്ഷപതൈലം. വിഷവൃക്ഷഃകാരസ്കരം. അക്ഷോ വിഭീതകഃ

മലയാളംഭാഷ്യം

ധത്തൂരം,വിഷവൃക്ഷം,അക്ഷവൃക്ഷം ഇവയുടെ സമിത്തിൽ രാജീതൈലം പുരട്ടി 7000 ഹോമത്താല് ശത്രു മരിക്കുന്നതാണ്. 7 രാത്രി വെൺകടുകം എണ്ണയും ചേർത്ത് ഹോമിക്കണം.വിഷവൃക്ഷം കാഞ്ഞിരം. അക്ഷം വിഭീതകം. സിദ്ധാർത്ഥസ്നേഹം വെൺകടുകെണ്ണ.

87.ചാന്ദ്രവസ്ത്രോ വിഷ്ടികാലേ മരിചൈർമ്മന്ത്രനാമുനാ
നിഗൃഹ്യന്തേ ജ്വരേണാരി പ്രലയാഗ്നിസമേന സഃ
88.താലപത്രേ സമാലിഖ്യ ശത്രുനാമയഥാവിധി
ആഗ്നേയാസ്ത്രേണ സംവേഷ്ട്യ കുണ്ഡമദ്ധ്യേ നിധാപയേത്
89.ജുഹുയാൻ മരിചൈഃക്രുദ്ധീജ്വരാക്രാന്താ സ ജായതേ
തദാദായ ക്ഷിപേത്തോയശീതലേ സ വശോഭവേത്

സംസ്കൃതഭാഷ്യം

വിഷ്ടികാലേ ഇതി വിഷ്ട്യൌ കരണേ. വിഷാരിപാതാദി ച തത്ര സിദ്ധ്യേദിത്യുക്തേഃ യഥാവിധീതി. കർമ്മസഹിതം. സംവേഷ്ട്യേതി. പരിതോലേഖനം.ധത്തൂരരസേനേതി പരമഗുരവഃ

മലയാളംഭാഷ്യം

വിഷ്ടികരണത്തിൽ ചാന്ദ്രവസ്ത്രം (ശുഭ്രവെള്ള)ധരിച്ച് കുരുമുളക് (മരീചി) മന്ത്രിച്ച് ജ്വരത്തെ നിഗ്രഹിക്കാം. അത് പ്രലയാഗ്നിസമമായാൽപ്പോലും നശിക്കും. പനയോലയിൽ ശത്രുനാമം യഥാവിധി എഴുതി ആഗ്നേയാസ്ത്ര വേഷ്ടനം ചെയ്ത് കുണ്ഡമദ്ധ്യത്തിൽ സ്ഥാപിക്കണം. കുരുമുളകുഹോമത്താൽ ക്രോധിച്ച ശത്രുവിനെ ജ്വരാക്രാന്തനാക്കാം. അത് തണുത്ത വെള്ളത്തിൽ കലക്കി കൊടുത്താല് വശീകരിക്കാം. പനയോലയിൽ ധാത്തൂരരസം (ഉമ്മത്തുചാറ്)കൊണ്ട് എഴുതണമെന്ന് പരമഗുരുക്കന്മാരുടെ അഭിപ്രായം.

90.പിഷ്ട്വാപാമാർഗ്ഗബീജാനി മരീചം മധുസംയുതം
അത്യുഷ്ണോ ലവണോ തോയേ നിഃക്ഷിപ്യക്വാഥയേത്തതഃ
91.ഋക്ഷവൃക്ഷപ്രതികൃതേർഹൃദയേവദനേ നസി
കിഞ്ചിത് കിഞ്ചിത് ക്ഷിപേത്തോയം ദർവ്വ്യാകാരസ്കരോത്തഥാ
92 ആഗ്നേയമുച്ചരൻമന്ത്രീ സോചിരാജ്ജ്വരിതോ ഭവേത്
ക്വഥിതോംഭസിതാംക്ഷിപ്തവം ഹന്യാഛത്രുമയത്തതഃ
93.തീക്ഷ്ണാസ്നേഹേന സംലിപ്താം ശത്രുപ്രതികൃതിം നിശി
താപയേദേധിതേ വഹ്നൌ പ്രതിലോമമനും ജപേൻ
94. ജ്വരേണ ബാദ്ധ്യതേ സദ്ധ്യോ ഹോമാദസ്യമൃതിർഭവേത്
സാമുദ്രേ സലിലേ ഹിംഗുവിഷജീരകലോലിതേ
95.ക്വഥിതേ പുത്തലിം സാദ്ധ്യനക്ഷത്രതരുനിർമ്മിതാം
അധോവക്ത്രാം വിനിക്ഷിപ്യ യഷ്ട്യാ വിഷതരുത്ഥ്യയാ
96.തഛിരസ്ത് താഡനം കുർവ്വന് ജപേദസ്ത്രം വിലോമതഃ
സപ്താഹാൻമരണം യാതി ശത്രുർജ്വരവിമോഹിതഃ

സംസ്കൃതഭാഷ്യം

കാരസ്കരേതി കുചിലാ. തീക്ഷ്ണസ്നേഹേന സർഷപതൈലേന. പ്രതിലോമമിത്യാഗ്നേയമന്ത്രം.ഹോമാദിത്യർത്ഥാത് പ്രതികൃതേഃ അസ്യേതി രിപോഃസാമുദ്രസലിലേ.ലവണോദകേ. വിലോമത ഇതി. ജാതവേദോഭിപ്രായേണ.തേനാഗ്നേയാസ്ത്രമിത്യർത്ഥഃ

മലയാളംഭാഷ്യം

അപാമാർഗ്ഗയുടെ വിത്ത്, കുരുമുളക് ഇവ പൊടിച്ച് തേനിൽ കലക്കി, അത്യുഷ്ണമാക്കിയ(തിളപ്പിച്ച)ഉപ്പുവെള്ളത്തില് ഇട്ട് കഷായം കാച്ചുക. ഋക്ഷവൃക്ഷപ്രതികൃതിയായി,ഹൃദയത്തിലും മുഖത്തിലും തളിക്കുക. കാഞ്ഞിരത്തിന്റെ കയ്പും വിഷവും കൂടി ഇല്ലാതാവും. ആഗ്നേയം ഉച്ചരിച്ച് കഷായം വെള്ളത്തിൽ കലക്കിക്കൊടുത്താല് ജ്വരം പിടിപെട്ട് ശത്രു മരിക്കുകയും ചെയ്യും. കടുകെണ്ണ പുരട്ടി ശത്രുപ്രതിമ രാത്രി അഗ്നിയില് ചുട്ട് പ്രതിലോമമ്ന്ത്രം ജപിച്ചാൽ ജ്വരം ബാധിക്കും. മന്ത്രഹോമം കഴിയുമ്പോഴേക്കും ശത്രു മൃതിയാവും. സമുദ്രജലത്തിൽ ഹിംഗുവിഷം ജീരകം ചേർത്ത

പുത്തലി(പ്രതിമ)സാദ്ധ്യനക്ഷത്രവൃക്ഷത്താൽ നിർമ്മിക്കുക.മുഖം താഴേക്കാക്കി, വിഷവൃക്ഷയഷ്ടിയാല് കുഴിച്ചിടുക. ശിരസ്സിൽ താഡിച്ച് അസ്ത്രം വിലോമമായി 7 ദിനം ജപിക്കുക.ശത്രു ജ്വരബാദിതനായി മരിക്കും.

97. ആദിത്യരഥനാഗേന്ദ്രസ്ഥാംഘ്രിം തദ്വിഷം ഹതം
നഗ്നം തൈലേന ലിപ്താംഗം ദഗ്ധം ഭാനുമരീചിഭിഃ
98.അധോമുഖം നിജരിപും ധ്യാത്വാക്വഥിതവാരിണാ
തർപ്പയേത് ഭാനുമാലോക്യശത്രുമൃത്യുപ്രിയോഭവേത്
99.ബിഭ്രതീം മുശലം ശൂലം ധ്യായന്കാലഘനപ്രഭം
കാർപ്പാസബീജേർന്നിംബസ്യ പത്രൈർമേഷോഘൃതപ്ലുതൈഃ
100 ഹുത്വാവിദ്വേഷയേഛത്രൂനസ്ത്രേണാനേന ദേശികഃ
ബിഭ്രാണാം തർജ്ജനീംശൂലം ധ്യാത്വാദുർഗ്ഗാം ഭയങ്കരീം
101 മഹിഷീഘൃതസംസിക്തൈഃപല്ലവൈർവിഷവൃക്ഷജൈഃ
ഹുത്വാ രിപോഃക്ഷണാത് സേനാമുച്ചാടയതി മന്ത്രവിത്

സംസ്കൃതഭാഷ്യം.

നാഗേന്ദ്രഃസർപ്പഃ തർപ്പയേദിതി ദുർഗ്ഗാം. തർജ്ജനീമിതി. തർജ്ജനീ മുദ്രാം. തല്ലക്ഷണമുക്തം ദുർഗ്ഗാപടലേ.

മലയാളംഭാഷ്യം

ആദിത്യരഥവും നാഗേന്ദ്രപാദവും സകലവിഷവും നീക്കുന്നവയാണ്. നഗ്നമായി, സർവ്വാംഗം തൈലം പുരട്ടി, സൂര്യാഭിമുഖമായി നിന്ന്, സൂര്യരശ്മിയിൽ ചുട്ടുപഴുപ്പിച്ച് (വെയിലത്ത് നിന്ന്)അധോമുഖമായി പിടിച്ച പ്രതിമയിൽ ശത്രുവെ സങ്കല്പിച്ച് മുമ്പുപറഞ്ഞ കഷായവെള്ളത്തില് , മുക്കി, ദുർഗ്ഗാദേവിക്ക് തർപ്പണം ചെയ്യുക. ശത്രു മൃത്യുപ്രിയനായി ഭവിക്കും.

ദുർഗ്ഗാധ്യാനം

മുശലം,ശൂലം ധരിച്ച് കാളമേഘവർണ്ണത്തില് പരുത്തിക്കുരുവും നാരങ്ങമാലയുമിട്ട് ദേവീരൂപം. നാരകത്തിലകളാൽ ആട്ടിൻപാലിൽനിന്നെടുത്ത നെയ്യ് ഹോമം. ശൂലവും തർജ്ജനിമുദ്രയും ചലിപ്പിച്ചുകൊണ്ട്, ഭയങ്കരിയായി ദുർഗ്ഗാധ്യാനം ചെയ്യുമ്പോൾ, വിഷവൃക്ഷത്തിന്റെ(കാഞ്ഞിരം) തളിരിലയിൽ എരുമപ്പാലിൽനിന്നെടുത്ത നെയ്യ് പുരട്ടിയാണ് ഹോമം.

ക്ഷണത്തിൽ ശത്രുസേനകളെ ഉച്ചാടനം ചെയ്യാനാണ് ഈ കർമ്മങ്ങ ളെല്ലാം. തർജ്ജനീമുദ്രാലക്ഷണം ദുർഗ്ഗാപടലത്തില് കാണുക.

102. ധ്യാത്വാ ദേവീം പുരാപ്രോക്തം ചതുർഭിർമരിചാന്വിതൈഃ
അജാരുധിരസംസിക്തൈർജ്ജുഹ്യാ ദിവസത്രയം

103. രിപോരുച്ചാടനം കുര്യാത് സേനായാനാത്രസംശയാഃ
അഗ്നിസൂലകരാം ദുർഗ്ഗാം ജ്വലന്തീം പ്രലയാഗ്നിവത്

104. ധ്യാത്വാ സർഷപതൈലാക്തൈര് ബീജൈർധാത്തുരസംഭവൈഃ
ഹുത്വാ വിമോഹയേഛത്രൂന്മരീചേർവ്വാ സസർഷപൈഃ

105 കാലാഞ്ജനനിഭാം ദുർഗ്ഗാം ശൂലഖഡ്ഗധരാം സ്മരം
നക്ഷത്രവൃക്ഷസംഭൂതൈർവ്രണകൃത് സ്നേഹസംയുതൈഃ

106.സമിദ്ഭിരൈഃപ്രജ്ജുഹ്യാദ്വന്യാൻ മാസേന വൈരിണം
സിംഹാധിരൂഢാം ധാവന്തീം ധാവമാനം രിപും പ്രതി

107.മുഞ്ചന്തീം സംസ്മരൻദുർഗ്ഗാം തർപ്പയേദുഷ്ണവാരിണാ
ഭാനുബിംബം സമാലോക്യ രിപോരുച്ചാടനം ഭവേത്.

സംസ്കൃതഭാഷ്യം

സർഷപതൈലാക്തൈരിത്യുത്തരത്രാപ്യന്വേതി. വ്രണകൃത് ഭല്ലാതഃ

മലയാളംഭാഷ്യം

രിപുസേനയേയും രിപുരാജാവിനേയും ഉച്ചാടനം ചെയ്യാൻ (തോല്പിച്ചോടി ക്കാൻ) രാജാക്കന്മാരാണ് ഇപ്രകാരം കുരുമുളകു കലക്കിയ കഷായജല വും ആടിന്റെ രക്തവുമെല്ലാം ഉപയോഗിച്ചിരു്നനത്. ഇത്തരം രാജസ താമസകർമ്മങ്ങളൊന്നും ബ്രാഹ്മണര് ചെയ്യുകയില്ല. 3 ദിനമാണ് ഹോ മം കഴിച്ചിരുന്നത്. പ്രലയാഗ്നിപോലെ ജ്വലിക്കുന്നവളായി, അഗ്നിയും ശൂ ലവും ധരിച്ചവളായി, ദേവീധ്യാനം. കടുകെണ്ണ,ഉമ്മത്തുവിത്തിന്റെ എണ്ണ ഹോമിച്ച് മോഹിപ്പിച്ച് , മരീച(കുരുമുളക്)സർഷപതൈല ഹോമം, പി ന്നെ മുമ്പുപറഞ്ഞ മാരണഹോമം എന്ന് ക്രമം.

കാലാഞ്ജനനിറത്തിൽ ശൂലഖഡ്ഗപാമിയായി നക്ഷ്തരവൃക്ഷത്തില് ഒരു വ്രണമുണ്ടാക്കി, അതിൽനിന്ന് ഒഴുകിവരുന്ന തൈലത്തോടുകൂടി ഹോമിക്കുന്നു. സിംഹാധിരൂഢയായി ശത്രുവിനെ പിൻതുടരുന്ന

ദുർഗ്ഗയെ ധ്യാനിക്കുന്നു. ദുർഗ്ഗാസ്മരണത്തോടെ, ചൂടുവെള്ളം കൊണ്ട് സൂര്യബിംബം നോക്കി തർപ്പണം ചെയ്താല് രിപുവിന്റെ ഉച്ചാടനം. ഭല്ലാതവൃക്ഷത്തിൽ വ്രണമുണ്ടാക്കിയാണ് കറ(തൈലം)ശേഖരിക്കുന്നത്.

108. അതിദുർഗ്ഗാമയോ മുഷ്ടി ഗദാഹസ്താം വിചിന്തയേത്

വിദ്യുദ്ധാമസമാനാഭാം മഹിഷീഘൃതസംപ്ലുതൈഃ

109 പുലാകൈർജ്ജുഹുയാന്നിംബബിഭീതകസമിദ്ധരൈഃ

കോദ്രവൈരഥ ശത്രോഃരസേനായാഃസ്തംഭനം ഭവേത്

110. ആത്തപാശാങ്കുശാം രക്താം ഗാണിദുർഗ്ഗാമനുസ്മരേത്

ലോണൈഃസമധുരൈഃസാദ്ധ്യവൃക്ഷകാഷ്ഠൈധിതേനലേ

111.ജുഹുയാന്നിശിസപ്താഹാൻ മന്ത്രവിദ്വശയേന് നൃപാന്

പാശാങ്കുശധരാം രക്താം വിശ്വദുർഗ്ഗാം വിചിന്തയേന്

112. ഫലിനീകുസുമൈഃ ഫുല്ലൈഃചന്ദനാംഭഃസമുക്ഷിതൈഃ

ജുഹുയാന്നിശി യോ മന്ത്രീ തസ്യവിശ്വം വശംഭവേത്

113. ശരച്ചന്ദ്രനിഭാം ദേവീം വിഗലത് പരമാമൃതാം

പാശാങ്കുശധരാം ധ്യായൻ സിന്ധുദുർഗ്ഗാം സമിദ്ധ്വരൈഃ

114. വൈതസൈർമധുരാസിക്തൈർജ്ജുഹുയാത് വൃഷ്ടിസിദ്ധയേത്

കപാലം ത്രിശിഖം പാശമങ്കുശം ബിഭ്രതീം കരൈഃ

115. ജപാകുസുമസങ്കാശാമഗ്നിദുർഗ്ഗാം വിചിന്തയേന്

ഹുത്വാലവണപുത്തല്യാ മധുരത്രയയുക്തയാ

116. ആകർഷേദ്വാഞ്ചിതാന് സാദ്ധ്യാന് മന്ത്രവിനാനാത്രസംശയഃ

അതിദുർഗ്ഗേയമത്യാദ്യാ ഷദന്താത്രിഷ്ടുഭൌരിതാഃ

117. ദുർവർണ്ണാന്താഥ ഗാണ്യാദ്യാ ഗാണിദുര്ഗ്ഗാസമീരിതഃ

വിശ്വാദ്യാശ്യക്ഷരാന്താ സാ വിശ്വദുർഗ്ഗാ സമീരിതാഃ

118. സിന്ധ്വാദ്യാ സാ വകാരാന്താ സിന്ധുദുർഗ്ഗാ നിഗദ്യതേ.

ത്യന്താമഗ്ന്യാദികാമേനാമഗ്നിദുർഗ്ഗാം വിദുർസുധാഃ

സംസ്കൃതഭാഷ്യം

അതിദുർഗ്ഗാദയഃപഞ്ചജാതവേദോ മന്ത്രഭേദാ ഏവ വക്ഷ്യമാണാഃ പുലാകൈസ്തുഛധാന്യൈഃ അതീതി. അതിദുർഗ്ഗാണി വിശ്വാ ഇത്യാരംഭ്യ

പരിഷദന്ത്യാ സർവ്വാ .ഋക്. ഏവമഗ്രേപി. ഗൂഢാർത്ഥദീപികാകാരസ്തു.
അതിഷദിതി. ത്രിവർണ്ണം മന്ത്രം വദന് ബഭ്രാമൈഃ

മലയാളംഭാഷ്യം

പഞ്ചജാതവേദമന്ത്രഭേദത്താൽ ഉണ്ടാവുന്ന ദുർഗ്ഗാഭേദങ്ങള് ഇനി പറയുന്നു.

അതിദുർഗ്ഗഃ- മുഷ്ടിയില് ഗദ, വിദ്യുത് ധാമപ്രഭ. എരുമപ്പാലിൽനിന്നെടുത്ത നെയ്യും തുഷധാന്യങ്ങളും ചേർത്ത് ഹോമം. നാരകം, ബിഭീതകം ഇവ സമിത്ത്. ശത്രുസേനക്ക് സ്ംഭനം വരുത്തുന്നു.

ഗാണിദുർഗ്ഗഃ- പാശം, അങ്കുശം ആയുധം. രക്തവര്ണം. ഉപ്പും ത്രിമധുരവും ഹോമം. സാദ്ധ്യവൃക്ഷത്തിന്റെ വിറക് എരിച്ച അഗ്നിയിലാണ് ഹോമം. രാത്രി 7 ദിനം ഹോമം. രാജാക്കന്മാരെപ്പോലും വശീകരിക്കും.

വിശ്വദുര്ഗ്ഗഃ- പാശം,അങ്കുശം. രക്തവർണ്ണം. വിടർന്ന ഫലവൃക്ഷകുസുമങ്ങൾ, ചന്ദനവെള്ളത്തിൽ അക്ഷതമിട്ട് അതില് മുക്കിയെടുത്ത് രാത്രി ഹോമം . വിശ്വം മുഴുവനും വശീകരിക്കുന്നു.

സിന്ധുദുർഗ്ഗഃ-ശരശ്ചന്ദ്രനിറം. പരമാമൃതം വർഷിക്കുന്ന രൂപം. പാശം, അങ്കുശം, ആയുധം. വൈതസം സമിത്ത്. ത്രിമധുരം ആഹുതി. വൃഷ്ടിസിദ്ധി ഫലം (മഴ കിട്ടാൻ)

അഗ്നിദുർഗ്ഗഃ- കപാലം, ത്രിശിഖം, പാശം,അങ്കുശം, ജപാകുസുമനിറം. ലവണപ്രതിമ ത്രിമധുരത്തോടെ ഹോമം. ആകർഷണത്തിന്.

ത്രിഷ്ടുഭമന്ത്രത്തിൽ ആദ്യം സേദന്തമായി പറഞ്ഞത് അതിദുർഗ്ഗ. ഗാദ്യം ദ അന്ത്യമായി പറഞ്ഞത് ഗാണിദുർഗ്ഗ. ശ്വാവി(വിശ്വാ) എന്ന അക്ഷരത്തിൽ പറഞ്ഞത് വിശ്വദുർഗ്ഗ. ന്ധും സി (സിന്ധും) എന്നു മുതൽ വ വരെ സിന്ധുദുർഗ്ഗ. ത്യ എന്നത് അഗ്നിദുർഗ്ഗ. ഇത് വലത്തോട്ടും ഇടത്തോട്ടുമുള്ള പരിഷത്തുകളാണ്. അതിദുർഗ്ഗാണി വിശ്വാ എന്നാരംഭിച്ച് പരിഷദന്ത്യമായ സർവ്വഋക്കും ഇതിൽപ്പെടുന്നു. ഗൂഡാർത്ഥദീപികാകാരനും ഇത് പറഞ്ഞിട്ടുണ്ട്.

അഷദന്താ- അ,ഷ, ദ എന്ന മൂന്നുവർണ്ണം ത്രിവർണ്ണമന്ത്രം തന്നെയാ ണ് ആവർത്തിച്ച് ആവർത്തിച്ച് ത്രി, ഷ്യദ്, അഭം എന്ന് ത്രിഷ്ടുഭമന്ത്ര മായത് എന്ന് അർത്ഥം.

119. അങ്കണേ സ്ഥണ്ഡിലം കൃത്വാ സുഗന്ധികുസുമാദിഭിഃ

ദേവീമഭ്യർച്ച്യയേന്നിത്യം പ്രാഗുക്തേനൈവ വത്മനാ

120 ആഹരേദ്രാത്രിഷു ബലിം ചരുണാ സർവ്വസിദ്ധിദം

കൃത്യാരോഗഭയദ്രോഹഭൂതാദീനാത്രസംശയഃ

121 യഥാവദഗ്നിമാരാദ്ധ്യ ഗന്ധൈഃപുഷ്പൈർമനോരമൈഃ

സ്ഥിത്വാ തസ്യാഗ്രതോമന്ത്രീ ജപേന്മന്ത്രമനന്യധീഃ

122.ജപോയം സർവ്വസിദ്ധ്യൈസ്യാന്നാത്ര കാര്യാ വിചാരണാ

ലവണൈർമധുരാസിക്തൈർജ്ജുഹുയാത് പശ്ചിമാമുഖഃ

123. മന്ത്രാർണ്ണസംഖ്യയാമന്ത്രീ രിപുമാത്മവശം നയേത്

ശാലീൻ പ്രക്ഷാള്യ സംശോഷ്യ ശുദ്ധ്വാന് കുർവ്വീത തണ്ഡുലീന്

124.ജപിത്വാ പഞ്ചഗവ്യേഷു സംസ്കൃതേ ഹവ്യവാഹനേ

ചരും പചേജ്ജപൻ മന്ത്രമവതാര്യ പുനഃസുധീഃ

125.അർച്ചയിത്വാ വിശദധീര് ദേവീമഗ്നൌ യഥാപുരാ

ജ്ജുഹുയാച്ചരുണാനേന സാജ്യേനാഷ്ടസഹസ്രകം

126. പാത്രേ സമ്പാതനം കുർവ്വന് സാദ്ധ്യം തത് പ്രാശയേത് സുധീ

ശേഷം തം നിഖനേത് വാരിസമ്പാതം പ്രാംഗണാന്തരേ

127 കൃത്യാരോഗാ വിനശ്യന്തി സഹഭൂതഗ്രഹാമയൈഃ

പരൈരുത്പാദിതാ കൃത്യാ പുനസ്താനേവ ഭക്ഷയേത്

128. വ്രീഹിഭിർ ഹവിഷാ ക്ഷീരൈഃപയോവൃക്ഷസമിദ്ധരൈഃ

ആജ്യൈർമധുത്രയോപേതൈരേതൈർദശശതം പൃഥക്

129. ജ്ജുഹുയാദ് സമ്പദാം ഭൂമിഃ സാധകോ ഭവതി ധ്രുവം

ഭാസ്കരേ മേഷരാശിസ്ഥേ മന്ത്രജ്ഞോനുഗണേ ദിനേ.

സംസ്കൃതഭാഷ്യം

തസ്യേത്യഗ്നേഃ

മലയാളംഭാഷ്യം

മുറ്റത്ത് സ്ഥണ്ഡിലം ഉണ്ടാക്കുന്നു.സുഗന്ധകുസുമാദികളാൽ ദേവിയെ നിത്യം അർച്ചിക്കുന്നു. രാത്രി മാത്രം ഒരിക്കൽ ഭക്ഷിച്ച് ബലിചന്ദനസമർപ്പണം സർവ്വസിദ്ധിദവും കൃത്യാരോഗഭയദ്രോഹഭൂതനാശനവും ആണ്. അഗ്ന്യാരാധന ചെയ്ത് മനോരമമായ ഗന്ധപുഷ്പാദികള് അർച്ചിച്ച് മുന്നിലിരുന്ന് അനന്യധീയായി മന്ത്രം ജപിച്ചാൽ ജപം തന്നെ സർവ്വസിദ്ധിപ്രദമാണ്. മറ്റൊന്നും ചെയ്യേണ്ടതില്ല. ഉപ്പ്,ത്രിമധുരം ഇവ പശ്ചിമാഭിമുഖമായിരുന്ന് ഹോമിച്ച് (മന്ത്രവർണ്ണസംഖ്യ ഹോമം) രിപുവിനെ വശീകരിക്കാം. കഴുകിയ ശാലിയരി കുത്തിയുണ്ടാക്കി തണ്ഡുലം ജപിച്ച് പഞ്ചഗവ്യസംസ്കാരം ചെയ്ത അഗ്നിയിൽ മന്ത്രപൂർവ്വം ചരു ഹോമിച്ച് ,അർച്ചിച്ച് ,ദേവിയെ അഗ്നിയിൽ,ആജ്യത്തിൽ, അഷ്ടസഹസ്രകം (1008) പാത്രത്തിലെ ചരുവോടെ നേദിച്ച് ,ബാക്കി പ്രാംഗണാന്തരത്തില് ബലി തൂകിയാൽ രോഗങ്ങളും ഗ്രഹഭൂതാദികളും നശിക്കുന്നു. മറ്റുള്ളവർ ഉല്പാദിപ്പിച്ച കൃത്യകളും നശിക്കുന്നു. അവസാനം ഹവ്യശേഷം ഭുജിക്കണം.നെല്ല്,പാലിൽ പചിച്ച ഹവിസ്സ്,പയോവൃക്ഷസമിത്തിൽ ആജ്യം ത്രിമധുരത്തോടെ 1000 പ്രാവശ്യം ഓരോന്നും ഹോമിച്ചാല് ഭൂമി ലഭിക്കും,സാധകൻ വളരെ വേഗം സിദ്ധനാവും. ഇനി സൂര്യൻ മേടരാശിയിൽ നിൽക്കുമ്പോളുള്ള സികതാപ്രയോഗം പറയുന്നു.

130. നദ്യാം സാഗരഗാമിന്യാം സതതം പുഷ്കലാംഭസി
ഉദ്ധൃത്യാദായസികതാഃ സംശോഷ്യ പരിശോധയേത്
131. ന്യസ്യ താഃപഞ്ചഗവ്യേഷു സംസ്കൃതേ ഹവ്യവാഹനേ
ഭർജ്ജയേൻമനുനാസിദ്ധ്യൈ ദർവ്യാബ്രഹ്മതരുഹോത്ഥയഃ
132.സിംഹമേഘധനുസ്ഥേർക്കേ കൃഷ്ണപക്ഷേഷ്ടമീതിഥൌ
വിശാഖാകൃത്തികാമൂലഹസ്തോത്തരമഘാസ്വഥ
133. രോഹിണ്യാംശ്രവണേ വാരൌ മന്ദവാക്പതി ദേവതൌ
വിഹായാന്യേഷു കുർവ്വീത സികതാസ്ഥാപനം സുധീഃ
134 ഗൃഹഗ്രാമാദിരാഷ്ട്രാണാം രക്ഷാർത്ഥം സികതാഃശുഭാഃ
പ്രസ്ഥാദ്ധകഘടോന്മാനാ മദ്ധ്യാദിഷ്വവടേഷ്വിമാഃ

സംസ്കൃതഭാഷ്യം

സികതാപ്രയോഗമാഹ ഭാസ്കര ഇതി. സാഗരഗാമിന്യാമിതി സാക്ഷാത്. പഞ്ചഗവ്യേഷിതി. ആലോങ്നപര്യാപ്ത്വേഷു. ഗൃഹഗ്രാമാദീത്യാദി ശബ്ദേന നഗരം. പ്രസ്ഥേഥതി. ഗൃഹേ പ്രസ്ഥമിതാ. ഗ്രാമേ നഗരേ ആഢകമിതാഃ രാഷ്ട്രേ ഘടോന്മിതാഃ അശീതി ഗുഞ്ജഃകർഷഃ ചതുർഗുണഃ പലം. ചതുഷ്പലഃ കുഡവഃ ചതുഃകുഡവഃ പ്രസ്ഥഃ പ്രസ്ഥചതുഷ്കമാഢകഃ ആഢകചതുഷ്കം ദ്രോണഃ ദ്രോണചതുഷ്കം ഘടഃ ദണ്ഡംഗുലാധികം ചതുർവിംശത്യംഗുലം കേചിദാഹുഃ

മലയാളംഭാഷ്യം

മേടത്തിൽ സൂര്യൻ നില്ക്കുന്ന അനുഗുണമായിട്ടുള്ള ദിനങ്ങളിൽ, സമുദ്രത്തിലേക്ക് ഒഴുകുന്ന നദിയുടെ ഒഴുക്കുള്ള ജലത്തോടുകൂടി നദിയിലെ മണ്ണ് എടുക്കുന്നു. അതിലെ വെള്ളം വറ്റിച്ച് മണ്ണുമാത്രമായി ശോഷണം ചെയ്ത് പരിശോധന തുടങ്ങുന്നു. പഞ്ചഗവ്യം ന്യസിച്ച് സംസ്കരിച്ച അഗ്നിയിൽ (ബ്രഹ്മവൃക്ഷവും ദൂർവ്വയും കത്തിച്ചതിൽ) മണ്ണ് ഭർജ്ജനം ചെയ്യുന്നു. ചിങ്ങം,മേടം, ധനുവിൽ സൂര്യന് നില്ക്കുന്ന കൃഷ്ണപക്ഷാഷ്ടമിതിഥിയില്, വിശാഖം,കാർത്തിക,മൂലം,അത്തം,ഉത്രം,മകം, രോഹിണി,തിരുവോണം നാളുകളിൽ ശനി, വ്യാഴം ആഴ്ച്ചകളിലാണ് സികതാസ്ഥാപനം ചെയ്യുന്നത്. ഗൃഹഗ്രാമനഗരരാഷ്ട്രാദികളുടെ സംരക്ഷണത്തിനാണ് ശുഭമായ സികതം പരിശോധിക്കുന്നത്. വീട്ടിന് ഒരു പ്രസ്ഥം, ഗ്രാമത്തിനും നഗരത്തിനും ഒരു ആഢകം, രാഷ്ട്രത്തിന് ഒരു ഘടം, എന്നാണ് സികതത്തിന്റെ അളവ്. അശീതി കുന്നിക്കുരു ഒരു കർഷമാണ്. നാലുകർഷം ഒരു പലം. നാലുപലം ഒരു കുഡവം. (കുടം) 4 കുഡവം ഒരു പ്രസ്ഥം. നാലുപ്രസ്ഥം ഒരു ആഢകം. നാല് ആഢകം ഒരു ദ്രോണം. നാലുദ്രോണം ഒരു ഘടം. ദണ്ഡംഗുലാധികം 24 അംഗുലമെന്ന് കണക്ക്. ഇത് നദീജലം കൊണ്ടുവരുന്ന മണ്ണ് ,അതിലെ ലവണങ്ങൾ, ധാതുക്കൾ പരിശോധിക്കാ നുള്ള പ്രയോഗമാണ്.

135. നവസുപ്രക്ഷിപേജ്ജപ്താസ്ത്വേഷു സംപൂജയേത് ക്രമാത്
മദ്ധ്യാദിദേവീ ശസ്ത്രാണി കപാലാന്താനി ദേശികഃ

136. ചക്രം ശംഖമസിം ഖേടം ബാണാഞ്ചാപം ത്രിശൂലകം

കപാലം ഖഖമന്ത്രേണ സംപൂജ്യാന്തേ ബലിം ഹരേത്.

സംസ്കൃതഭാഷ്യം

ഖഖമന്ത്രേണേതി. സപ്തദശോക്തേന. അന്തേബലിമിതി.ദേവ്യാഃ ചക്രാവർത്താണാം ച

മലയാളംഭാഷ്യം

ഖഖമന്ത്രം- 9 കുടത്തില് നിക്ഷേപിച്ച് ജപിച്ച് ക്രമത്തില് പൂജിക്കുന്നു. മദ്ധ്യാദിദേവീശസ്ത്രങ്ങൾ. ഒടുവിൽ കപാലം . ക്രമം- ചക്രം,ശംഖം, അസി, ഖേടം, ബാണം, ചാപം, ത്രിശൂലം, കപാലം. ഖഖമന്ത്രത്താൽ പൂജിച്ച് ബലി. ഖഖമന്ത്രം 17ൽ പറഞ്ഞു. (17 പടലം)

137 നക്ഷത്രഗ്രഹരാശീനാം ലോകേശാനാം ബലിം ഹരേത്

വിഹിതാ യത്ര രക്ഷേയം വർദ്ധന്തേ തത്ര സമ്പദഃ

138.ക്ഷുദ്രഗ്രഹമഹാരോഗസൌരഭ്രതസരീസൃപാഃ

അമുനാവിലയം യാന്തി വിധിനാ നാത്ര സംശയഃ

സംസ്കൃതഭാഷ്യം

നക്ഷത്രേത്യധിപതീനാമപ്യുപലക്ഷകം. ഏഷാം ബലിമന്ത്രാഃ അശ്വനീദേവതാഭ്യോ ദിവാനക്തശ്ചാരിഭ്യഃസർവ്വേഭ്യോ മൂർത്തേഭ്യോഃനമഃഏവം ഭരണീകൃത്തികാപാദദേവതാഭ്യഃകൃത്തികാപാദത്രയദേവതാഭ്യ ഇത്യാദ്യൂഹ്യം.തത്തസ്തദധിപതിഭ്യഃഅശ്വിന്യധിപത്യശ്വദേവതാഭ്യാഃ ഏവം യമാദീഷൂഹ്യം. തതോ രാശിബലിഃ അശ്വിനീഭരണീകൃത്തികാപദേ മേഷദേവതാഭ്യസ്തദധിപതിഭ്യാഃ ഏവം വൃഷാദീധ്യൂഹ്യം. തതോ ഗ്രഹബലിഃ അശ്വിനീഭരണീകൃത്തികാപാദമേഷരാശ്യധിപത്യംഗാരകദേവതാഭ്യഃ ഏവമന്യേഷാമപ്യൂഹ്യം. ലോകേശം ബലിം വാസ്തൌമദുക്തോന്തസന്ധേയഃ ബലിം ഹരേദിതി പരിതഃ

മലയാളംഭാഷ്യം

നക്ഷത്രാധിപന്മാര്,ഗ്രഹാധിപന്മാർ,ദിശാധിപർ,രാശ്യധിപന്മാർ,ലോകേശർ ഇവരെല്ലാം ബലി ഹരിക്കുന്നു. അവരെല്ലാം തങ്ങളുടെ വിഹിതം ബലി സ്വീകരിച്ച് സംരക്ഷിക്കുന്നതിനാൽ സമ്പത്ത് വർദ്ധിക്കുന്നു. ക്ഷുദ്ര

ഗ്രഹമഹാരോഗ,സൌരഭ്രത,സരീസൃപാദി ദ്രോഹങ്ങളെല്ലാം അപ്രകാരം ഇല്ലാതാവുന്നു.

ബലിമന്ത്രം- (നക്ഷത്രനക്ഷത്രാധിപബലി)

അശ്വിനീദേവതാഭ്യോ ദിവാനക്തഞ്ചാരിഭ്യഃ സർവ്വേഭ്യോ മൂർത്തേഭ്യോ നമഃ ഭരണഇകൃത്തികാദേവതാഭ്യഃ കൃത്തികാപാദത്രയദേവതാഭ്യ എന്നി പ്രകാരം മറ്റുള്ളവ ഊഹിക്കുക.പിന്നീട് തദധിപതിഭ്യഃ അശ്വിന്യധിപത്യശ്വ ദേവതാഭ്യഃ ഇപ്രകാരം . ഇതേപോലെ യമാദികൾക്കും ഊഹിക്കുക.

രാശിബലി- അശ്വിനീഭരണീകൃത്തികാപാദേ മേഷദേവതാഭ്യസ്തദധിപതിഭ്യഃ ഇപ്രകാരം. ഇതുപോലെ ഋഷഭാദിരാശികൾക്കും.

ഗ്രഹബലി-

അശ്വിനീഭരണീകൃത്തികാപാദമേഷരാശ്യധിപതിഅംഗാരകദേവതാഭ്യ ഇപ്രകാരം. ലോകേശബലി വാസ്തുഹോമബലിയിൽ മുമ്പേ പറഞ്ഞു.

139. സികതാനാം വിശുദ്ധാനാം വികാരകുടവം സുധീഃ
പഞ്ചഗവ്യയുതേ പാത്രേ ബ്രഹ്മവൃക്ഷേണ നിർമ്മിതേ
140 നിക്ഷിപ്യ വിധിനായത്ര സ്ഥാപയേത്തത്ര സംപദഃ
ദിനേദിനേ പ്രവർദ്ധന്തേ കാലവൃഷ്ട്യാദിഭിഃസഹഃ
141 മഹോത്പാതാവിനശ്യന്തി കൃത്യാദ്രോഹമഹാഗ്രഹാഃ
ചരുഗവ്യശ്മനാം കുര്യാത് സ്ഥാപനം വിധിനാമുനാ
142. ഗോമൂത്രം പ്രസ്ഥമാനം സ്യാദ് ഗോമയാൻഭസ്തദർദ്ധകാന്
ആജ്യാത് സപ്തഗുണം ക്ഷീരം ഗോമൂത്രാൻ ത്രിഗുണം ദധി
143. ഗോമൂത്രേണ സമം സർപ്പിഃസർവ്വം വാ സമമുച്യതേ
ഗാവഃസ്യുഃകപിലാശ്വേതാഹിമധൂമ്രാരുണപ്രഭാഃ
അഭാവേ ഗദിതാഃസർവ്വാഃസർവ്വധാ കപിലോത്തവം

സംസ്കൃതഭാഷ്യം

വിശുദ്ധാന്നമിതി. നദ്യാമിത്യാദ്യുക്തപ്രകാരേണ. വികാരകുഡവം ഷോഡശകുഡവം. പ്രസ്ഥംഗേമൂത്രാദീനാൻ. വിധിനേതി. പൂർവ്വോക്തസ്ഥാപനപ്രകാരേണ. ചർവ്വശ്മനോഃഗവ്യേ തു വിശേഷോ നാരായണീയേ-

ഗവ്യേഷ്ണശാലീൻയവമുദ്ഗനാഷഗോധൂമബില്വാസ്തിലാബ്ജബീജം
പത്മഛരദസ്ഥം വിനിധായ പാത്രേ ക്ഷുദ്രാനിഖന്യാത ഭുവി നാഗയോഗേ
നാഗയോഗമാഹാന്യഃ-
സർപ്പേ മുഹൂർത്തേ സർപ്പർക്ഷകരണേ സർപ്പസംജ്ഞിതേ
സംയോഗോ നാഗയോഗോയമഥവാ കരണാർക്ഷയോഃ
പൃഥക് ശിരഃപഞ്ചസരോജപത്രം നിശ്ഛിദ്രമേകീകൃതബദ്ധനാളം. ഗവ്യേ
പ്രപൂർണ്ണേ നിഖനേദ്ദൃനാം(നന്ത) സ്മൃത്യാതദാക്ഷുദ്രവിനാശി ഗേഹേ ഇതി.
തത് സ്ഥാപനനക്ഷത്രാദികമപി തത്രൈവഃ-
പൂഷാപുഷ്യപുനർവസൂവസുഹരീചിത്രാശശീ(തഥാ) രോഹിണീ
താരാസ്താസ്തിഥയോംശുമത് ഫണിയമാദിക് പഞ്ചദശ്യോഹരിഃ
വാരാസ്ത്വിന്ദുസുതേന്ദുശുക്രഗുരവോയുഗ്മം കുലീരോധനുഃ
കുംഭാന്ത്യാവപി രാശയോനിഗദിതാ ഗവ്യപ്രയോഗായതേ ഇതി.
സർവ്വം വേത്തി. വാശബ്ദേനാന്യത് പ്രകാരദ്വയമുപക്ഷിപ്തം.
യോജനേതത്തന്മന്ത്രേണ യോജനമിത്യപി ജ്ഞേയം .തദുക്തം-
മൂത്രം പ്രസ്ഥം ഗോമയം സ്യാത് പലാർദ്ധം
ക്ഷീരം പ്രസ്ഥം ദധ്യപി ക്ഷീരതോർദ്ധം
ആജ്യം ദധ്നോപ്യർദ്ധമേവം പ്രമാണം
സ്വീയൈർമന്ത്രൈര് യോജയേത് പഞ്ചഗവ്യം
മൂത്രം ദ്വിഭാഗം ശകദേകഭാഗംപയോഷ്ടഭാഗം ദധിതത്സമാനം
ക്ഷീരാർദ്ധകം വാ ചതുരംശമാജ്യം ഇതി. മന്ത്രാസ്താചാര്യൈരുക്താഃ
തദ്യഥാഃ-താരഭവാഭിരഥഗർഭിഃക്രമേണ സംയോഗയേച്ചഗവ്യാനി
ആത്മാഷ്ടാക്ഷരമന്ത്രൈരഥവാ യോജ്യാനി പഞ്ചഭിഃപഞ്ചഃഇതി.

മലയാളംഭാഷ്യം

പഞ്ചഗവ്യം
ഗോമൂത്രം 1 പ്രസ്ഥം
ചാണകം അരപ്രസ്ഥം
ആജ്യത്തിന്റെ അളവിനെ 7 കൊണ്ട് ഗുണിച്ചത്ര പശുവിന്റെ പാല്
ഗോമൂത്രത്തിന്റെ ത്രിഗുണം (3 പ്രസ്ഥം) തൈർ

ഗോമൂത്രസമം (1 പ്രസ്ഥം) വെണ്ണ

പാൽ കപില,ശ്വേത,ഹിമ,ധൂമ്ര, അരുണനിറമുള്ള പശുക്കളിൽനിന്ന് കറന്നെടുക്കണം. ഇവ കിട്ടാത്ത പക്ഷം ഏതു പശുവിന്റെ പാലും എടുക്കാം. നാരായണീയപ്രകാരം- പഞ്ചഗവ്യത്തില് ശാലി, യവം, മുദ്ഗം,മാഷം,ഗോതമ്പ്, ബിലം, തിലം, താമരവിത്ത് ഇവ നനക്കണം. പത്മഛദസ്ഥമായിട്ട് നനച്ച് ഭൂമിയിൽ പാത്രം സ്ഥാപിക്കണം. പാത്ര സ്ഥാപനം നാഗയോഗത്തിലായിരിക്കണം. മുഹൂർത്തം,കരണം,നക്ഷത്രം ഇവ മൂന്നും സർപ്പയാമമായി ഒന്നിച്ചുവരു ന്നതാണ് നാഗയോഗം. 5 താമരയിലകളെ ഛിദ്രം കൂടാതെ ഏകീകൃത ബദ്ധമായി പിടിക്കുക. അഞ്ചിലൂടെയും കടന്നുപോകുന്ന ഒരു സൂചീനാളമു ണ്ടാക്കി അതിലൂടെ ധാരധാരയായിട്ടാണ് പഞ്ചഗവ്യത്താൽ വിത്ത് നനക്കേണ്ടത്. സ്ഥാപനനക്ഷത്രങ്ങൾഃ-പൂഷാ,പുഷ്യം,പുണർതം, ഹരി,ചിത്ര,ശശി, രോഹിണി. താര,അംശുമത് ,ഫണി,യമ. 15 ദിശകളില് ഹരിവാരത്തില് ബുധ,ചന്ദ്ര,ശുക്ര,ഗുരുഗ്രഹങ്ങൾ ഈരണ്ടുപേര് കുളീരധനുരാശികളില് നിൽക്കുമ്പോളാണ് സ്ഥാപനം .

കുംഭാന്ത്യമെന്നത് രാശിയിൽ കുംഭരാശിയിൽനിന്ന് നിഗദിതമാവുന്ന ഗവ്യപ്രയാഗമായിട്ടും ധരിക്കണം. അതാതു മന്ത്രപ്രകാരം അനുപാതത്തി ൽ പഞ്ചഗവ്യഭേദം പറയുന്നു.

മൂത്രം 1, ചാണകം അര, പാൽ 1, തൈർ അര, ആജ്യം,ദധി അരവീതം എന്ന് ഒരു പ്രമാണം.

മൂത്രം ചാണകം പാല് എന്നിവ 2,1, 8 എന്ന അനുപാതമെന്ന് മറ്റൊരു പ്രമാണം. തൈർ പാലിന്റെ അത്രതന്നെയോ , അല്ലെങ്കിൽ അരയോ , കാൽഭാഗം ആജ്യത്തോടെയെന്ന് ഒരു പ്രമാണം. താഴെ രണ്ടുവിധ അനുപാതം കൊടുക്കുന്നു.

ഗോമൂത്രം	ചാണകം	പാൽ	തൈർ	ആജ്യം1
2 2	1 1	8 8	8 4	- 2

പ്രണവത്തിലുത്ഭവിച്ച് ,അഭിരഥത്തിൽ(ചക്രം) ഗർഭിതമായി, സർവ്വഗവ്യ ങ്ങളും ക്രമേണ സംയോജിപ്പിച്ചതായി മന്ത്രത്തെ ധ്യാനിക്കുന്നു എന്ന് ആചാര്യവാക്യം.

144.ഏകോനപഞ്ചാശദ് കോഷ്ഠേഫലകേബ്രഹ്മണാശ്വിനഃ

വിഹായകോണകോഷ്ഠാനി ശക്ത്യാദ്യം ജാതവേദസം

145. ലിഖിത്വാ മദ്ധ്യകോഷ്ഠാദിപൂജയേത്തത്ര ദേവതാം

കൃത്വാഹോമം സസമ്പാതം നിഖനേത്തദ്യഥാപുരാ

സംസ്കൃതഭാഷ്യം

ഏകോനപഞ്ചാശദിതി.

പൂർവ്വാപരായതദക്ഷിണോത്തരായതാഷ്ടാഷ്ടാരേഖാക്രമേണ.തത്ര മദ്ധ്യകോഷ്ഠേശക്തിബീജം ലിഖിത്വാ പൂർവ്വാദ്യാവൃത്തിത്രയേണ ജാതവേദമന്ത്രം ലിഖേത് .തത്ര തൃതീയാവൃത്തൌ. ബാഹ്യേകോണചതു ഷ്ടയപരിത്യാഗഃ

മലയാളംഭാഷ്യം

49 കോഷ്ഠം വരച്ച പലകയില് ബ്രഹ്മണാശ്വിനികള് ,കോണകോഷ്ഠങ്ങ ളിൽ ശക്തികള് ഇപ്രകാരം ജാതവേദസം എഴുതി മദ്ധ്യകോഷ്ഠത്തില് ദേവതാപൂജ. സമ്പാതപൂർവ്വം വിധിപൂർവ്വം ഹോമം. 49 കോഷ്ഠം വരയാ ൻ കിഴക്കുപടിഞ്ഞാറും തെക്കുവടക്കുമായി 8 രേഖ വീതം വരയുന്നു. മദ്ധ്യത്തിൽ ശക്തിബീജം. ആവൃത്തിത്രയമായി ജാതവേദസേ എന്ന് ജാതവേദമന്ത്രം എഴുതുന്നു. മൂന്നാമത്തെ ആവൃത്തിയിൽ പുറത്തെ നാലു കോണുകൾ പരിത്യജിക്കണം.

146. മദ്ധ്യേമായാമഷ്ടകോഷ്ഠേഷു പാദാനഷ്ടൌകൃത്വാ മാതൃകാർണ്ണൈഃ പ്രവീതം

ഭൂബിംബസ്ഥംസർവ്വഭൂതാമയഘ്നം രക്ഷായുഃശ്രീകീർത്തിദം യന്ത്രമേതദ്

സംസ്കൃതഭാഷ്യം

യന്ത്രമാഹ മദ്ധ്യമിതി. പൂർവ്വാപരതയാ ദക്ഷിണോത്തരായതശ്ചതസ്രോ രേഖാഃകുര്യാത്. തദാ നവകോഷ്ഠം ഭവതി. മദ്ധ്യ ഇതി. മദ്ധ്യകോഷ്ഠേ.

മലയാളംഭാഷ്യം

യന്ത്രം-4 രേഖകൾവീതം വരച്ച് 9 കള്ളി ഉണ്ടാക്കുക.മദ്ധ്യകോഷ്ഠത്തിൽ മായാബീജം. 8 കോഷ്ഠത്തിൽ മാതൃകാവര്ണ്ണങ്ങൾ. ഭൂബിംബസ്ഥവും സർവ്വഭൂതാമയഘ്നവും രക്ഷ,ആയുസ്സ്,ശ്രീ,കീർത്തി എന്നിവ തരുന്നതു മാണ്.

147 ആഗ്നേയാസ്ത്രസ്യ ജ്ഞാനാനി വിസർഗ്ഗാദാനകർമ്മണി
യഃപുമാൻ ഗുരുണാശിഷ്ടസ്തസ്യാധീനം ജഗത്രയം
ഇതി ശ്രീശാരദാതിലകേ ഏകവിംശഃപടലഃ

സംസ്കൃതഭാഷ്യം

വിസർഗ്ഗാദാനകർമ്മണീതി. വിസർഗ്ഗഃസംഹാരഃആദാനം
പ്രയോഗാനന്തരം പുനർമന്ത്രസ്വീകാരഃ യദാഹഃ-
വിധിവൻമാരണം കൃത്വാ സിദ്ധമന്ത്രേണ മന്ത്രവിത്
കർമ്മമന്തേ ദേവതാപൂജാം സവിശേഷം പ്രകല്പയേത്.
ശക്ത്യാസന്തർപ്പ്യ വിപ്രാംശ്ച മന്ത്രമൂർത്തിം വിസൃജ്യച
സമുദ്രഗായാം നദ്യാം തു കണ്ഠമാത്രേജലേ സ്ഥിതഃ
അഹോരാത്രം ജപേന്മന്ത്രമഷ്ടാധികസഹസ്രകം
ശുദ്ധം മന്ത്രം തം സ്വീകൃത്യാത് ഇതി.
ഇതിശ്രീശാരദാതിലകടീകായാം സത് സമ്പ്രദായാം പദാർത്ഥാദർശാ ഭിഖ്യായാം ഏകവിംശഃപടലഃ

മലയാളംഭാഷ്യം

ആഗ്നേയാസ്ത്രം മനസ്സിലാക്കി, വിസർഗ്ഗാദാനകർമ്മം ചെയ്ത് ഏതൊരു പുരുഷൻ ഗുരുക്കന്മാരില് വെച്ച് ശിഷ്ടനാവുന്നുവോ , ആ ഗുരുവിന് ജഗത്രയവും അധീനമാണ്. വിസർഗ്ഗമെന്നാല് സംഹാരം. ആദാനമെന്നാൽ പ്രയോഗാനന്തരം വീണ്ടും മന്ത്രസ്വീകാരം. രണ്ടും കൂടിയത് വിസർഗ്ഗാദാനകർമ്മം. സിദ്ധമന്ത്രത്താല് മാരണകർമ്മം ചെയ്ത് സംഹാരകർമ്മം ചെയ്ത വ്യക്തി ,ആ കർമ്മം കഴിഞ്ഞ ശേഷം ദേവതാപൂജ സവിശേഷമായി സങ്കല്പിക്കുന്നു. ശക്തിയാൽ വിപ്രന്മാരെ സന്തർപ്പണം ചെയ്ത് മന്ത്രമൂർത്തിയെ (ക്രൂരമൂർത്തി) വിസർജ്ജിച്ചുകളയണം, പിന്നെ സമുദ്രഗാമിനിയായി ഒഴുകുന്ന നദീജലത്തില് കഴുത്തുവരെ വെള്ളത്തിലിറങ്ങിനിന്ന്

അഹോരാത്രം 1008 ഉരു മന്ത്രം ജപിച്ച് വീണ്ടും ശുദ്ധമായി വീണ്ടും മന്ത്ര സ്വീകാരം ചെയ്യേണ്ടിവരും.